"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

റവന്യൂ വകുപ്പ് - മലപ്പുറം ജില്ലയിലെ തിരൂർ താലൂക്കിലെ നിറമരുതൂർ വില്ലേജ് ഓഫീസിലെ കാഷ്വൽ സ്വീപ്പർ, ശ്രീമതി അജിത പി. ഫയൽ ചെയ്ത OA(EKM)-1558/2021 നമ്പർ കേസിലെ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ 24.11.2023 ലെ ഉത്തരവ് നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**റവന്യൂ (റ്റി) വകുപ്പ്**

സ.ഉ.(സാധാ) നം.1396/2024/RD തീയതി,തിരുവനന്തപുരം, 14-06-2024

---

പരാമർശം:-

1. 25.11.2005 ലെ സ.ഉ.(പി)നം.501/2005/ധന നമ്പർ സർക്കാർ ഉത്തരവ്.
2. ലാൻഡ് റവന്യൂ കമ്മീഷണറുടെ 18.05.2023 ലെ എൽ.ആർ./5631/2023-എൽ.ആർ.(എൻ3) നമ്പർ കത്ത്.
3. ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ 24.11.2023 ലെ OA(EKM)1558/2021 നമ്പർ കേസിലെ ഉത്തരവ്.
4. ശ്രീമതി അജിത പി. സമർപ്പിച്ച 30.11.2023 ലെ അപേക്ഷ.

**ഉത്തരവ്**

ശ്രീമതി അജിത പി. 1999 മുതൽ നിറമരുതൂർ വില്ലേജ് ഓഫീസിൽ കാഷ്വൽ സ്വീപ്പറായി ജോലി ചെയ്ത് വരുന്നു. പ്രസ്തുത വില്ലേജ് ഓഫീസിന്റെ സ്വീപ്പിങ് ഏര്യ 100 ച. മീ. ൽ താഴെ ആയിരുന്നതിനാൽ ടിയാരിയെ പരാമർശം (1) പ്രകാരം പാർട്ട് ടൈം സ്വീപ്പർ തസ്തികയിൽ സ്ഥിരപ്പെടുത്തിയിരുന്നില്ല. നിറമരുതൂർ വില്ലേജ് ഓഫീസ് 30.12.2022 മുതൽ 142.36 ച. മീ. സ്വീപ്പിങ് ഏര്യയുള്ള പുതിയ കെട്ടിടത്തിൽ പ്രവർത്തനം ആരംഭിച്ചതിനെ തുടർന്ന് പ്രസ്തുത വില്ലേജ് ഓഫീസിൽ ഒരു പാർട്ട് ടൈം സ്വീപ്പർ തസ്തിക സൃഷ്ടിച്ച് ടിയാളെ സ്ഥിരപ്പെടുത്തുന്നതിനുള്ള പ്രൊപ്പോസൽ, ബന്ധപ്പെട്ട രേഖകൾ സഹിതം പരാമർശം (2) പ്രകാരം ലാൻഡ് റവന്യു കമ്മീഷണർ സർക്കാരിൽ സമർപ്പിച്ചിരുന്നു. എന്നാൽ, പരാമശം (1) ഉത്തരവ് തീയതിക്ക് മുമ്പ് നിയമിതരായവരും നിലവിൽ 100 ച. മീ. മുകളിൽ സ്വീപ്പിങ്ങ് ഏര്യ ഉള്ള ഓഫീസുകളിൽ ജോലി നോക്കി വരുന്നവരുമായ കാഷ്വൽ സ്വീപ്പർമാരെ സ്ഥിരപ്പെടുത്തുന്നത് സംബന്ധിച്ച് ഒരു പൊതു നയം രൂപീകരിക്കുന്നതിനുള്ള നടപടികൾ സർക്കാർ പരിശോധിച്ച് വരുന്നതിനാൽ ആയതിൽ അന്തിമ തീരുമാനമാകുന്ന മുറയ്ക്ക് പ്രൊപ്പോസൽ പുനഃസമർപ്പിക്കുവാൻ കമ്മീഷണർക്ക് നിർദ്ദേശം നൽകിയിരുന്നു.

2) തുടർന്ന് പാർട്ട് ടൈം സ്വീപ്പർ തസ്തികയിൽ സ്ഥിരപ്പെടുത്തുന്നതിന് നിർദ്ദേശം നല്കണമെന്ന് ആവശ്യപ്പെട്ട് ശ്രീമതി അജിത പി. ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ OA(EKM)1558/2021 നമ്പർ കേസ് ഫയൽ ചെയ്യുകയും പ്രസ്തുത കേസിൽ ബഹു.

ട്രൈബ്യൂണൽ പരാമർശം (3) ഉത്തരവിൽ, സ്വീപ്പിങ് ഏര്യ 100 ച.മീ. ൽ അധികരിച്ചിട്ടുണ്ടെന്ന വസ്തുതയും അപേക്ഷക 1999 കാലഘട്ടം മുതൽ തുടർച്ചയായി ജോലി ചെയ്തു വരികയാണെന്ന വസ്തുതയും കണക്കിലെടുത്തുകൊണ്ട്, അപേക്ഷക റഗുലറൈസേഷന് അർഹയാണെന്ന് കണ്ടെത്തുന്ന പക്ഷം, പി.ടി.എസ്. തസ്തികയിൽ അർഹമായ എല്ലാ ആനുകൂല്യങ്ങളും ടിയാരിക്ക് അനുവദിച്ചുകൊണ്ട് മൂന്നു മാസത്തിനകം ഉത്തരവ് പുറപ്പെടുവിക്കണമെന്ന് സർക്കാരിന് നിർദ്ദേശം നൽകിയിരുന്നു.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മലപ്പുറം ജില്ലയിലെ തിരൂർ താലൂക്കിലെ നിറമരുതൂർ വില്ലേജോഫീസിലെ കാഷ്വൽ സ്വീപ്പറായ ശ്രീമതി അജിത പി. യെ, പ്രസ്തുത ഓഫീസിൽ ഒരു പാർട്ട് ടൈം സ്വീപ്പർ തസ്തിക സൃഷ്ടിച്ച്, ടി ഓഫീസിന്റെ സ്വീപ്പിങ് ഏര്യ 100 ച. മീ. അധികരിച്ച 30.12.2022 തീയതി പ്രാബല്യത്തിൽ ക്രമവൽക്കരിച്ചും തദനുസൃതമായ ആനുകൂല്യങ്ങൾ ടിയാൾക്ക് അനുവദിക്കുന്നതിന് അനുമതി നൽകിയും ഉത്തരവാകുന്നു.

4) ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ പരമാർശം (3) ഉത്തരവിലെ നിർദ്ദേശം ഇപ്രകാരം നടപ്പിലാക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
നിസ്സാർ .എ
അണ്ടർ സെക്രട്ടറി

അഡ്വക്കേറ്റ് ജനറൽ, കേരള, എറണാകുളം (ആമുഖ കത്ത് സഹിതം).
കമ്മീഷണർ, ലാൻഡ് റവന്യൂ, തിരുവനന്തപുരം.
ജില്ലാ കളക്ടർ, മലപ്പുറം.
ശ്രീമതി അജിത പി., കാഷ്വൽ സ്വീപ്പർ, നിറമരുതൂർ വില്ലേജ് ഓഫീസ്, തിരൂർ താലൂക്ക് ഓഫീസ്, മലപ്പുറം. (ലാൻഡ് റവന്യൂ കമ്മീഷണർ മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), കേരള, തിരുവനന്തപുരം.
ധനകാര്യ വകുപ്പ്. (16.03.2024 ലെ 2648369/EXP-C2/75/2023/ധന നമ്പർ റിമാർക്ക്സ് പ്രകാരം)
നിയമ വകുപ്പ്(07.02.2024 ലെ OPN-G2/17/2024/നിയമം നമ്പർ റിമാർക്ക്സ് പ്രകാരം)
വെബ് & ന്യൂ മീഡിയ (സർക്കാർ വെബ്-സൈറ്റിൽ പ്രസിദ്ധീകരണത്തിനായി)
കരുതൽ ഫയൽ / ഓഫീസ് പകർപ്പ്. (REV-T1/111/2023-REV)

ഉത്തരവിൻ പ്രകാരം
Signed by
Sindhu Beegum M S
Date: 14-06-2024 11:58:38
സെക്ഷൻ ഓഫീസർ

പകർപ്പ്:-
ബഹു. റവന്യൂ മന്ത്രിയുടെ പി. എസ്. ന്.